**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1277** **03-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ പ്രധാന റോഡായ മഞ്ചേരി-ഒലിപ്പുഴ റോഡ് നിർമ്മാണത്തിന് കിഫ്ബിയുടെ ആദ്യഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി 85.61 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിരുന്നോ; | (എ) | മഞ്ചേരി ഒലിപ്പുഴ റോഡ് പ്രവൃത്തിക്ക് തത്വത്തിൽ ഭരണാനുമതി സർക്കാർ നൽകിയിട്ടുള്ളതും കിഫ്ബിയിൽ നിന്നും 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള റോഡ് 9 മീറ്റർ വീതിയോടെ ബി. എം. (ബിറ്റുമിനസ് മക്കാഡം), ബി. സി. (ബിറ്റുമിനസ് കോൺക്രീറ്റ്) നിലവാരത്തിൽ പുതുക്കി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ 06/12/2025-ന് നടന്ന അവലോകന യോഗത്തിൽ 9 മീറ്റർ വീതിയിൽ ടാറിങ്ങോടു കൂടി റോഡ് നിർമ്മിക്കണമെന്ന ആവശ്യം ചർച്ച ചെയ്തിരുന്നു. റോഡ് നിർമ്മാണത്തിനായി നിലവിൽ തയ്യാറാക്കിയ DPR പ്രകാരമുള്ള 13.6 മീറ്റർ Row ലഭിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുപ്പ് നടപടികളുമായി മുന്നോട്ടു പോകുന്നതിനും, ആവശ്യമായ ഭൂമി ലഭ്യമായതിന് ശേഷം സിവിൽ പ്രവൃത്തികൾ (നിർമ്മാണ പ്രവൃത്തികൾ) പരിഗണിക്കുന്നതാണ് എന്നുമാണ് കിഫ്ബി CEO നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും ഉത്തരവുകൾ പുറപ്പെടുവിച്ച പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (സി) | മഞ്ചേരി ഒലിപ്പുഴ റോഡ് പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മുൻ റവന്യൂ ഉത്തരവുകളിൽ. വിട്ടുപോയ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ റവന്യൂ ഭരണാനുമതി 18/12/2025 തീയതിയിൽ ലഭ്യമാവുകയും, ആയത് പ്രകാരമുള്ള അർത്ഥനാപത്രം (Requisition) 01/01/2026-ന് കെ.ആർ.എഫ്.ബി പി.എം.യു പാലക്കാട്/മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ബഹു: ജില്ലാ കളക്ടർക്കും കിഫ്ബി എൽ.എ സ്പെഷ്യൽ തഹസിൽദാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കിഫ്ബി ഏറ്റെടുത്ത് ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിക്ക് മെയിന്റനൻസ് വർക്ക് | (ഡി) | മെയിന്റനൻസ് പ്രവൃത്തികൾക്കായി നിരത്ത് വിഭാഗത്തിന് കീഴിൽ 74 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | ചെയ്യുന്നതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് ലെറ്റർ ഓഫ് അക്സപ്റ്റൻസ് (LAO) നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നതിനാൽ റോഡിന്റെ 90 ശതമാനവും 12 മീറ്ററിൽ കൂടുതൽ വീതിയുള്ളതിനാൽ ബി.എം. & ബി.സി. നിലവാരത്തിൽ പ്രവൃത്തികൾ തുടങ്ങുന്നതിന് സ്ഥലം എം.എൽ.എ.-യെ ഉൾപ്പെടുത്തി ഒരു യോഗം വിളിക്കണമെന്ന നിർദ്ദേശത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (ഇ) | കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ 06/12/2025-ന് നടന്ന അവലോകന യോഗത്തിൽ ഈ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയതോടൊപ്പം തന്നെ മേൽ പരമാർശിച്ച ബഹു. മഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ നിർദ്ദേശിച്ച 9 മീറ്റർ വീതിയിൽ ടാറിങ്ങോടു കൂടി റോഡ് നിർമ്മിക്കണമെന്ന ആവശ്യം ചർച്ച ചെയ്തിരുന്നു. റോഡ് നിർമ്മാണത്തിനായി 13.6 മീറ്റർ Row ലഭിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുപ്പ് നടപടികളുമായി മുന്നോട്ടു പോകുന്നതിനും, ആവശ്യമായ ഭൂമി ലഭ്യമായതിന് ശേഷം സിവിൽ പ്രവൃത്തികൾ (നിർമ്മാണ പ്രവൃത്തികൾ) പരിഗണിക്കുന്നതാണ് എന്നുമാണ് കിഫ്ബി CEO നിർദ്ദേശിച്ചിട്ടുള്ളത്. |
| (എഫ്) | കിഫ്ബി ഏറ്റെടുത്ത് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്ന പ്രവൃത്തികൾ എത്രയെണ്ണമുണ്ടെന്ന് വിശദമാക്കുമോ; | (എഫ്) | കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചതും ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്ന പ്രവൃത്തികൾ അനുബന്ധം-1 ആയി ചേർക്കുന്നു. ഇവയിൽ നിലവിൽ 9 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡ് പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. |
| (ജി) | ലാൻഡ് അക്വിസിഷനിൽ കാലതാമസം നേരിടുന്ന പ്രവൃത്തികളിൽ നിലവിൽ 9 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (ജി) | കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചതും ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്ന പ്രവൃത്തികൾ അനുബന്ധം-1 ആയി ചേർക്കുന്നു. ഇവയിൽ നിലവിൽ 9 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡ് പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

1277
G3

**അനുബന്ധം-I**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | Mannarkonam-Shasthamangalam | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 2 | Mannarkonam -Peroorkkada | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 3 | Mannarkonam Vazhayila | ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവച്ചിരിക്കുകയാണ് |
| 4 | Mannanthala PowdikkonamReach 1 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 5 | Mannanthala PowdikkonamReach 2 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 6 | Vazhayila Pazhakutty Reach 3 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 7 | Pazhakutty Mangalapuram Reach 2 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 8 | Nedumangad Aruvikkara Vellanad Reach 1 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 9 | Adoor Thumpamon Kozhencherry Road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 10 | Kottayam Kumarakom Road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 11 | Eattumanoor Ring Road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 12 | Vaikkom Vechoor Road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 13 | Thengana Junction Improvement | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 14 | Improvements to Puthunagaram Kinassery Road 7.791 kms | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 15 | Improvements to Kannadi Pannikkode Road 0/000 to 10/000 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 16 | Improvements to Kuttipuram Thrithala Pattambi Shornur Road reach 1 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |

| | | |
|---|---|---|
| 17 | Manjeri Olippuzha Road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 18 | Construction of Coastal Highway in Malappuram District Reach 2 Unniyal to Mhyudeen palli 7.96km | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 19 | Construction of Coastal Highway in Malappuram District Reach 4 Kettungal to Ariyalloor 9.147km | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 20 | Construction of Coastal Highway in Malappuram District Reach 6 Ariyalloor to Kadalundikadavu 2.3km | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 21 | Kuttoth Attakund kadavu Road km 0/000- km 11/986 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 22 | PUKC road km 0/000-4/320 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 23 | Arayidathupalam Karanthoor Road stretch 2 Medical college to Karanthur road ch 6/720 to 11/896 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 24 | Beypore Cheruvannur Road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 25 | Mavoor NIT Road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 26 | Airport Road 3 Mananthavady Mattannur (Ambayathode to Mattannur) road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 27 | Airport Road 1Koduvalli Pinarayi Anjarakkandi Mattannur Airport Connectivity road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 28 | Thiruvangad Chambad road | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 29 | Nileshwaram NH Kacherikadavu town Raja Road 0/000 to 1/300 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |